**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.206 — 02.03.2020 ൽ മറുപടിക്ക്

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാർവത്രിക ആരോഗ്യ സുരക്ഷാ പദ്ധതി സർക്കാർ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയാണ് ആരോഗ്യവും കുടുംബക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്നത്.. |
| (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സവിശേഷതകൾ വ്യക്തമാക്കുമോ; | (ബി) & (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം പദ്ധതിയിൽ എംപാനൽ ചെയ്ത. രാജ്യത്തെ, ആശുപത്രികളിൽ കിടത്തി ചികിത്സക്കാണ് ആനുകൂല്യം ലഭിക്കുന്നത്. ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സ ആവശ്യമുള്ള അസുഖകളായിരിക്കണം. കിടത്തിചികിത്സ ആരംഭിക്കുന്നതിനു മുമ്പുള്ള മൂന്ന് ദിവസത്തെ പരിശോധനകളും, മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്തെ ചികിത്സക്കും, മരുന്നുകൾക്കും, പരിശോധനകൾക്കും ചിലവാകുന്ന മുഴുവൻ തുകയും സൗജന്യ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ഡിസ്ചാർജായായതിനു ശേഷം അഞ്ചു ദിവസം വരെയുള്ള മരുന്നുകൾക്കും പരിശോധനകൾക്കും ചിലവാകുന്ന തുകയും സൗജന്യമാണ്. അലോപ്പതി ചികിത്സക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളു. കിടത്തി ചികിത്സക്കുന്നതിനുള്ള ആനുകൂല്യം ലഭിക്കുന്ന 1978 ഇൽ പരം ശസ്ത്രക്രിയകളും/ ചികിത്സകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഏതു പ്രായത്തിലുള്ളവരെയും പദ്ധതിയിൽ അംഗമാക്കാം. നിലവിലുള്ള രോഗങ്ങൾക്കും സൗജന്യ ചികിത്സ ആനുകൂല്യം ലഭിക്കുമെന്ന സവിശേഷതയുണ്ട്. കിടത്തി ചികിത്സിക്കുന്ന വേളയിൽ എക്സ് റേ, സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും. ഡയാലിസിസ് പോലുള്ള ഡേ കെയർ ചികിത്സകളും പദ്ധതി പ്രകാരം ലഭ്യമാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാകുമെന്നറിയിക്കുമോ; | | |

<table>
<tr>
<td>(ഡി)</td>
<td>ഇൻഷ്വറൻസ് സ്കീമിന് പുറത്തുള്ളതും മറ്റ് ആരോഗ്യപദ്ധതികളിൽ ഉൾപ്പെടാത്തതുമായ കുടുംബങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ;</td>
<td rowspan="2">(ഡി)<br>&<br>(ഇ)</td>
<td rowspan="2">ഇൻഷ്വറൻസ് സ്കീമിനു പുറത്തു ഉള്ള മറ്റു ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടാത്തതുമായ കുടുംബങ്ങൾക്കു കാരുണ്യ ബെനവലെന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. മൂന്ന് ലക്ഷം രൂപ വരെയുള്ള വാർഷിക വരുമാനം ഉള്ള കുടുംബങ്ങൾക്കാണ് കാരുണ്യ ബെനവലെന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ടി പദ്ധതിയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ എംപാനൽ ചെയ്ത ആശുപത്രികൾ വഴിയാണ് നൽകുന്നത്.</td>
</tr>
<tr>
<td>(ഇ)</td>
<td>ഇത്തരക്കാർക്ക് പഴയ കാരുണ്യ സ്കീമിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?</td>
</tr>
</table>

Hari

സെക്ഷൻ ഓഫീസർ